**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6007** **25-03-2025 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ തുറമുഖ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ തുറമുഖ വകുപ്പ് മുഖേന എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കുന്നതെന്നും ചെലവഴിക്കുന്ന തുക എത്രയെന്നും വിശദമാക്കാമോ; | (എ) | കേരള ഇൻലാൻഡ് വെസ്സൽ റൂൾസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വേ, ഇൻസ്പെക്ഷൻ മുതലായ പ്രവർത്തനങ്ങൾക്ക് 19,40,688/- രൂപ ചെലവഴിച്ച് ഒരു സ്പീഡ് ബോട്ട് വാങ്ങിയിട്ടുണ്ട്. കൂടാതെ 3,09,000/- രൂപ ചെലവിൽ ആലപ്പുഴ തുറമുഖ ഓഫീസ് കോംപ്ലക്സിൽ സൗരോർജം ഉപയോഗപ്പെടുത്തുന്നതിനായി 10 KV സോളാർ സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ആലപ്പുഴ മണ്ഡലത്തിൽ വകുപ്പ് പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | (ബി) | ആലപ്പുഴ തുറമുഖ പൈതൃക മ്യൂസിയത്തിന്റെ ഭാഗമായി മുസിരിസ് പ്രോജക്ട് മുഖേന ആലപ്പുഴ തുറമുഖത്തെ പഴയ ഗോഡൗണുകളുടെ നവീകരണം നടത്തിയിട്ടുള്ളതും, പൈതൃക മ്യൂസിയത്തിന്റെ ഭാഗമായുള്ള കടൽപ്പാല നിർമ്മാണത്തിന്റെ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. കടൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് അതിന് ലംബമായി 30 മീറ്റർ നീളത്തിലും 12 മീറ്റർ വീതിയിലും ഒരു വാർഫ് നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലാണ്. അതോടൊപ്പം ആലപ്പുഴയിലെ തുറമുഖ ഭൂമികളും മറ്റ് ആസ്തികളും സ്വകാര്യ, പങ്കാളിത്തത്തോടെ വികസിപ്പിക്കുവാനുള്ള പദ്ധതികളും കേരള മാരിടൈം ബോർഡ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ